## നഗരാസൂത്രകന്റെ കാര്യാലയം പത്തനംതിട്ട

## നഗരാസൂത്രകന്റെ നടപടിക്രമം

നഗരാസൂത്രകന്റെകാര്യാലയം,പത്തനംതിട്ട-ഏറത്തു ഗ്രാമ പഞ്ചായത്ത് പ്രാർത്ഥന ഹാൾ നിർമ്മാണം- റെവ .വി .കുഞ്ഞു കോശി, വികാരി, കണ്ണംകോട് മാർത്തോമാ ചർച്, വെള്ളംകുളങ്ങര, മണക്കാല. P.O, അടൂർ-691551 ന്റെ 16.4.2019 ലെ അപേക്ഷ - സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലെ ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നത് സംബന്ധിച്ച്

പരാമർശം :- റെവ .വി .കുഞ്ഞു കോശി, വികാരി, കണ്ണംകോട് മാർത്തോമാ ചർ ച്ചിന്റെ 16/04/19 ലെ അപേക്ഷ

****************************************************************

ഉത്തരവ് നമ്പർ :-TCPPTA/325/2019-C **25/04/2019**

****************************************************************

ഏറത്തു ഗ്രാമ പഞ്ചായത്തിൽ ഏറത്തു വില്ലേജിൽ ബ്ലോക്ക് നമ്പർ 16, സർവ്വേ നമ്പർ 124/1 ൽ ഉൾപ്പെട്ട 9680 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ളതും, നിലവിൽ പള്ളി, അനുബന്ധ സെമിത്തേരി, പാഴ്സനേജ്, സ്കൂൾ, മറ്റ അനുബന്ധ കെട്ടിടങ്ങൾ എന്നിവ സ്ഥിതി ചെയ്യുന്നതുമായ പ്ലോട്ടിൽ ആകെ 1021.93 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ബേസ്മെന്റ് ഫ്ലോർ, ഗ്രൗണ്ട് ഫ്ലോർ എന്നീ നിലകളോട് കൂടിയ പ്രാർത്ഥന ഹാൾ - വാണിജ്യ കെട്ടിടം (Group –D Assembly Occupancy & Group –F Commercial Occupancy), അനുബന്ധമായി 48.36 ചതുരശ്ര മീറ്റർ വീതം വിസ്തീർണ്ണമുള്ള Toilet ബ്ലോക്കുകൾ എന്നിവ നിർമ്മിക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കേരളാ പഞ്ചായത്ത് കെട്ടിട നിർമാണച്ചട്ടം 2011 (KPBR -2011), ചട്ടം 57 (1), ചീഫ് ടൗൺ പ്ലാനറുടെ 5.12.2017 ലെ C.3/12311/17 നമ്പർ കത്ത് എന്നിവ പ്രകാരം സ്ഥലത്തിന്റെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകുന്നു.

തഴപ്പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടന്നും, **നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/ എൻ.ഓ.സി** എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി / ഒക്കുപ്പേൻസി നൽകുവാൻ പാടുള്ളു.

**നിബന്ധനകൾ**

1. കെ.പി, ബി. ആർ 2011 ലെ ചട്ടം.11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം, എന്നിവയും നിർദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്കു ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും രേഖകൾ പരിശോധിച്ചു സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.

2. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണച്ചട്ടം 2011 (KPBR -2011) ചട്ടം 7(11) (a)(i) പ്രകാരം നിർദിഷ്ട നിർമാണം നടത്തുന്ന പ്ലോട്ടിനോട് തുടർച്ചയായി വരുന്ന അപേക്ഷകന്റെ വക മുഴുവൻ സ്ഥലവും സൈറ്റ് പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തണം. അപേക്ഷകന്റെ പ്ലോട്ടിലെ നിലവിലുള്ള കെട്ടിടങ്ങളെല്ലാം അധികൃതമാണെന്ന ഉറപ്പു വരുത്തണം.

3. നിർദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന / നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്നപക്ഷം അവയ്ക്കു അനുസൃതമായിരിക്കണം

4. കട്ടിങ് / ഫില്ലിംഗ് എന്നിവയ്ക്ക് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ NOC വാങ്ങിയിരിക്കണം

5. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തുകയും പരിസര വാസികൾക്ക് ദോഷകരമല്ലാത്ത രീതിയിൽ മാലിന്യ നിർമ്മാർജനം നടത്തുകയും വേണം. കേരളാ പഞ്ചായത്ത് കെട്ടിട നിർമാണച്ചട്ടം 2011 (KPBR -2011) ചട്ടം 57(12A) പ്രകാരമുള്ള in-situ liquid waste management treatment plant, ചട്ടം 57(12B) പ്രകാരമുള്ള Special provision for recycling and reusing of waste water എന്നിവയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തുകയും അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും വേണം. (ഇത് കെട്ടിട നിർമാണ അനുമതിക്കായി ഗ്രാമ പഞ്ചായത്തിൽ നൽകുന്ന പ്ലാനിൽ ഉൾക്കൊള്ളിക്കേണ്ടതാണ് )

6. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണച്ചട്ടം 2011 (KPBR -2011) ചട്ടം 52 പ്രകാരമുള്ള Lighting and Ventilation (ഇത് കെട്ടിട നിർമ്മാണ അനുമതിക്കായി ഗ്രാമ പഞ്ചായത്തിൽ നൽകുന്ന പ്ലാനിൽ ഉൾക്കൊള്ളിക്കേണ്ടതാണ്), ചട്ടം 57(9) പ്രകാരമുള്ള Standard ventilation എന്നിവ ലഭ്യമാക്കണം.

7. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണച്ചട്ടം 2011 (KPBR -2011) ചട്ടം 57(10) പ്രകാരമുള്ള അഗ്നി സുരക്ഷാ സംവിധാനങ്ങൾ ഏർപെടുത്തിയിരിക്കണം.

8. സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്ന പ്രകാരം parking area, drive way എന്നിവ സജ്ജമാക്കിയിരിക്കണം.

9. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണച്ചട്ടം 2011 (KPBR -2011), ചട്ടം 37(5) പാലിച്ചുകൊണ്ടുവേണം internal roads നൽകുവാൻ. (ഇത് കെട്ടിട നിർമാണ അനുമതിക്കായി ഗ്രാമ പഞ്ചായത്തിൽ നൽകുന്ന പ്ലാനിൽ ഉൾക്കൊള്ളിക്കേണ്ടതാണ് )

10. കേരളാ പഞ്ചായത്ത് കെട്ടിട നിർമാണച്ചട്ടം 2011 (KPBR -2011), ചട്ടം

104(5) പാലിച്ച കൊണ്ട് Persons with disabilities ന ആവശ്യമായ parking നൽകേണ്ടതാണ്. (ഇത് കെട്ടിട നിർമാണ അനുമതിക്കായി ഗ്രാമ പഞ്ചായത്തിൽ നൽകുന്ന പ്ലാനിൽ ഉൾക്കൊള്ളിക്കേണ്ടതാണ് )

11. നിലവിൽ വിവിധ ഉപയോഗത്തിൽ ഇരിക്കുന്ന കെട്ടിടങ്ങളുള്ള പ്ലോട്ടിലെ നിർമ്മാണമെന്ന നിലയിൽ നിർമ്മാണ സമയത്തു ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കണം.

12. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണച്ചട്ടം 2011 (KPBR -2011), ചട്ടം 7(11)(a) (8) (i) പ്രകാരം ജില്ലാ കളക്ടറുടെ അനുമതി വാങ്ങിയിരിക്കണം.

13. നിർമ്മാണം കെ.പി.ബി.ആർ-2011 നും, അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

**ANILKUMAR P, TP TPPTA, O/O TP TPPTA**

ഉള്ളടക്കം :-അംഗീകാരം രേഖപ്പെടുത്തിയ പ്ലാൻ(1 സെറ്റ്)

സെക്രട്ടറി, ഏറത്തു ഗ്രാമപഞ്ചായത്ത്

പകർപ്പ്:- 1 റെവ .വി .കുഞ്ഞു കോശി
വികാരി
കണ്ണംകോട് മാർത്തോമാ ചർച്ച്
വെള്ളംകുളങ്ങര, മണക്കാല. P.O, അടൂർ-691551
2. ഓഫീസ് കോപ്പി
3. വെബ് സൈറ്റ്
4. അധികം